## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4439 04.02.2014 -ലെ മറുപടിയ്ക്ക്

## <u>ഉന്നത വിദ്യാഭ്യാസ രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള പരിഷ്കാര നടപടികൾ</u>

<u>ചോദ്യം</u>

ശ്രീ. എം.എ. ബേബി
ശ്രീ. റ്റി.വി. രാജേഷ്
ശ്രീ. ആർ. രാജേഷ്
ഡോ. ടി.എം. തോമസ് ഐസക്

<u>ഉത്തരം</u>

ശ്രീ. പി.കെ. അബ്ദു റബ്ബ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള പരിഷ്കാര നടപടികൾ കേരളത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിക്കുകയുണ്ടായോ ; | (എ) | ഉണ്ട്. കേന്ദ്രസർക്കാർ കൊണ്ടുവന്ന പരിഷ്കാരങ്ങൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ക്രിയാത്മകമായി സ്വാധീനിക്കാൻ തക്കതാണ്. വിദ്യാഭ്യാസ രംഗത്തെ ഗവേഷണത്തിനും, വികസന പ്രവർത്തനങ്ങൾക്കും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കത്തക്ക അന്തരീക്ഷ മുണ്ടാക്കുന്നതിനും, വിദ്യാർത്ഥികളിലെ ഉദ്യോഗക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതിയ പരിഷ്കാരങ്ങൾ കേരളത്തെ സഹായിക്കും. സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്രം ആവിഷ്കരിച്ച 'റൂസ' പദ്ധതി നടപ്പിലാക്കുന്നതിനായി ഫണ്ടിന്റെ 35% സംസ്ഥാന വിഹിതം നൽകുന്നതിന് സർക്കാർ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഇത് എത്ര തുക വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | റൂസ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതമായ 35% നൽകുന്നതിനായുള്ള സന്നദ്ധത കേന്ദ്രത്തെ അറിയിക്കുകയുണ്ടായി. എത്ര തുക വേണ്ടി വരുമെന്നുള്ളത് സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പ്ലാൻ തയ്യാറാക്കിയതിന് ശേഷമേ നിശ്ചയിക്കാനാവുകയുള്ളൂ. |
| (സി) | 'റൂസ' നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; | (സി) | 1. സർവ്വകലാശാലകളുടെ കാര്യക്ഷമത വർദ്ധിക്കും.<br>2. പ്രാദേശികമായ വിവേചനങ്ങൾക്കതീതമായി 'റൂസ' |

| | | | |
|---|---|---|---|
| | | | മുഖാന്തിരമുള്ള സേവനങ്ങൾ നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എത്തിക്കും.<br>3. അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിക്കും.<br>4. ഗവേഷണത്തിന് മുൻഗണന നൽകുന്ന സർവ്വകലാശാലകൾ വരും<br>5. ആവശ്യവും സാധ്യതയും കണക്കിലെടുത്ത് പുതിയ കോഴ്സുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങും. |
| (ഡി) | പുതിയ പരിഷ്കാര നടപടികൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വയംഭരണവും സ്വകാര്യവത്കരണവും വ്യാപകമാക്കുന്നതിനും കാരണമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | ഇത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മൂല്യശോഷണത്തിന് വഴിവെയ്ക്കുമെന്ന് അറിവുള്ളതാണോ? | (ഇ) | വിദ്യാഭ്യാസ രംഗത്തെ സേവനങ്ങളുടെ മികവും സേവന ലഭ്യതയുടെ വിവേചനരാഹിത്യവും ലക്ഷ്യമാക്കിക്കൊണ്ടുള്ള പരിഷ്കാരങ്ങൾ ഒരിക്കലും മൂല്യശോഷണത്തിന് വഴിവയ്ക്കില്ല എന്നാണ് സർക്കാർ കരുതുന്നത്. |

സെക്ഷൻ ഓഫീസർ